പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3203 | 13. 10.11 ൽ മറുപടിയ്ക്ക്

## കബോട്ടാഷ് നിയമവും വല്ലാർപാടം ടെർമിനലും

**ചോദ്യം**
ഡോ.എൻ.ജയരാജ്

**മറുപടി**
ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കബോട്ടാഷ് നിയമത്തിന്റെ പേരിൽ വല്ലാർ പാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമി നൽ നേരിടുന്നതായ വെല്ലുവിളി പരിഹരി ക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | എ | വല്ലാർപാടം കണ്ടെയ്നർ ടെർമിനലിന്റെ പ്രവർത്തനം കൊച്ചിൻ പോർട്ട് ട്രസ്റ്റ് ആണ് മോണിറ്റർ ചെയ്യുന്നത്. ദുബായ് പോർട്ട് വേൾഡ് ആണ് ഇതിന്റെ പ്രവർ ത്തനം നടത്തുന്നത്.<br>കബോട്ടാഷ് നിയമത്തിന്റെ പേരിൽ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ് മെന്റ് ടെർമിനൽ ചില പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ കബോട്ടാഷ് നിയമത്തിൽ ആവശ്യമായ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്ക ണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി കേന്ദ്ര സർക്കാരിന് കത്തുകൾ അയച്ചിട്ടുണ്ട്. |
| ബി | കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചി ട്ടുണ്ടോ ; | ബി | കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഇതു സംബ ന്ധിച്ച് തുറമുഖ വകുപ്പിന് നിർദ്ദേശങ്ങ ളൊന്നും തന്നെ സമർപ്പിച്ചിട്ടില്ല. എന്നാൽ കബോട്ടാഷ് നിയമത്തിൽ ഇളവ് വരുത്തണമെന്നഭ്യർത്ഥിച്ചുകൊണ്ട് കേന്ദ്ര സർക്കാരിന് കൊച്ചിൻ പോർട്ട് ട്രസ്റ്റ് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. |
| | | | |

| | | | |
|---|---|---|---|
| സി | കബോട്ടാഷ് നിയമത്തിൽ ഇളവ് അനുവദിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | സി | കബോട്ടാഷ് നിയമത്തിൽ ആവശ്യമായ ഇളവ് വരുത്തുവാൻ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ബഹു. മുഖ്യമന്ത്രി ബഹു. പ്രധാനമന്ത്രിക്കും, ബഹു. കേന്ദ്ര ആഭ്യന്തര വകുപ്പ് മന്ത്രി, ബഹു.കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രി, ഡെപ്യൂട്ടി ചെയർമാൻ കേന്ദ്ര പ്ലാനിംഗ് കമ്മീഷൻ എന്നിവർക്കും 1-9-2011 ൽ കത്തുകൾ അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ